## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2549** **05/11/2019-ൽ മറുപടിയ്ക്ക്**

### കേരള ബാങ്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി.<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരള ബാങ്ക് നിലവിൽ വന്നാൽ കാർഷിക സഹകരണ വായ്പകൾ കുറഞ്ഞ പലിശ നിരക്കിൽ ലഭ്യമാവുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | സഹകരണ വായ്പാ രംഗത്ത് നിലവിലുള്ള ത്രിതല സമ്പ്രദായം ദ്വിതലത്തിലേക്ക് മാറുമ്പോൾ ഒരു തലം ഒഴിവാകുന്നതിന്റെ ഫലമായി കാർഷിക വായ്പകൾ ഉൾപ്പെടെ കുറഞ്ഞ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുവാൻ സാധിക്കും. കൂടാതെ പ്രവാസി നിക്ഷേപങ്ങൾ ഉൾപ്പെടെയുള്ള കുറഞ്ഞ പലിശ നിരക്കിൽ ലഭിക്കുന്ന നിക്ഷേപങ്ങൾ സമാഹരിക്കുവാൻ കഴിയുന്നത് വഴി നിലവിലുള്ള പലിശ നിരക്കിനെ അപേക്ഷിച്ച് കുറഞ്ഞ നിരക്കിൽ വായ്പ ലഭ്യമാക്കുവാൻ സാധിക്കുന്നതുമാണ്. |
| (ബി) | സഹകരണ ബാങ്കിങ് മേഖലയിൽ ത്രിതല സംവിധാനം നിലനിന്നിരുന്ന കാലയളവിൽ കാർഷിക വായ്പകൾ എത്ര പലിശ നിരക്കിലാണ് അനുവദിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കാർഷിക വായ്പകൾ 7% പലിശ നിരക്കിലാണ് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ വഴി കർഷകർക്ക് നൽകി വരുന്നത്. |
| (സി) | കേരള ബാങ്ക് നിലവിൽ വരുന്നതോടെ കാർഷിക വായ്പകളുടേതുൾപ്പെടെ പലിശ നിരക്ക് ഉയരുമെന്നുള്ള ആശങ്ക സഹകാരികൾക്കിടയിൽ നില നിൽക്കുന്നുണ്ടോ; | (സി) | കേരള ബാങ്ക് നിലവിൽ വരുന്നതോടെ കാർഷിക വായ്പകൾ ഉൾപ്പെടെയുള്ള വായ്പകൾ നിലവിലുള്ളതിനേക്കാൾ കുറഞ്ഞ പലിശ നിരക്കിൽ നൽകാൻ കഴിയും. സഹകാരികൾക്ക് ഈ വിഷയത്തിൽ ആശങ്ക ഉണ്ടാകില്ലയെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | കേരള ബാങ്ക് നിലവിൽ വരുന്നതോടെ സഹകരണ നിയമവും ചട്ടങ്ങളും അതുപോലെ നിലനിൽക്കുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | തത്വത്തിലുള്ള അനുമതി നൽകുന്ന അവസരത്തിൽ കേരള ബാങ്ക് രൂപീകരണം സഹകരണ നിയമവും ചട്ടങ്ങളും പ്രകാരമായിരിക്കണമെന്ന് റിസർവ്വ് ബാങ്ക് നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു.<br>പുതിയ ഘടനാമാറ്റത്തിന് അനുസൃതമായ ഭേദഗതികൾ സഹകരണ നിയമത്തിൽ കൊണ്ടുവരുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ.